(ഡി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയെന്തെന്ന് നിശ്ചയിച്ചുവോ ?

ഉത്തരം

(എ) ഈ വർഷം മുതൽ (2003-2004 അദ്ധ്യയന വർഷം) ഇംഗ്ലീഷ് മീഡിയം പാരലൽ ക്ലാസ്സുകൾ 1-ാം ക്ലാസ്സിൽ ആരംഭിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) മാറ്റം വരുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) സ്കൂളിൽ ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുകയാണ് ചെയ്യാറുള്ളത്.

സർക്കാർ വിദ്യാലയങ്ങളിൽ ഫർണിച്ചറുകൾ അനുവദിക്കാൻ നടപടി

165 (2887) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളിൽ ഈ വർഷം ബഞ്ച്, ഡസ്ക് തുടങ്ങിയ ഫർണിച്ചറുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) എൽ. പി., യു. പി., ഹൈസ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളിൽ ഏതെല്ലാം ഓഫീസുകളിൽ നിന്നാണ് ഇത് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് വിദ്യാഭ്യാസ ഡയറക്ടർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അവർ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നൽകുന്നു. സ്കൂൾ ഹെഡ്മാസ്റ്റർമാർ സർക്കാർ മാനദണ്ഡമനുസരിച്ച് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നു.

പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ

166 (2888) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് പ്രീ- പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകേണ്ടത് ഗവൺമെന്റാണോ ; മറ്റെന്തെങ്കിലും ഏജൻസിയാണോ ;

(ബി) ഇത്തരത്തിൽ അംഗീകാരമുള്ള കേരളത്തിലെ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly